# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.2322 — 8/03/2017-ൽ മറുപടിക്ക്

### ഇരിമ്പിളിയം കേന്ദ്രമാക്കി സെക്ഷൻ ഓഫീസ് അനുവദിക്കൽ

| | ചോദ്യം<br>**പ്രൊഫ.ആബിദ്ഹുസൈൻ തങ്ങൾ** | | ഉത്തരം<br>ശ്രീ. എം.എം.മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | കോട്ടയ്ക്കൽ നിയോജകമണ്ഡലത്തിലെ ഇരിമ്പിളിയം കേന്ദ്രമാക്കി ഒരു സെക്ഷൻ ഓഫീസ് ആരംഭിക്കണമെന്ന ജനങ്ങളുടെ ചിരകാല അഭിലാഷം നടപ്പിലാക്കുവാൻ വൈദ്യുതി വകുപ്പ് പ്രത്യേക താൽപ്പര്യം എടുക്കുമോ; | (എ) | വളാഞ്ചേരി, എടയൂർ എന്നീ സെക്ഷൻ ഓഫീസുകൾ വിഭജിച്ച് ഇരിമ്പിളിയം കേന്ദ്രമാക്കി പുതിയ സെക്ഷൻ ഓഫീസ് സ്ഥാപിക്കുന്നതിനുള്ള പ്രൊപ്പോസൽ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് പരിശോധിച്ചിരുന്നു. കസ്റ്റമർ കെയർ സംവിധാനം ശക്തിപ്പെടുത്തി വൈദ്യുതി വിതരണ സെക്ഷനുകളെ പുന:സംഘടിപ്പിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്. പുതിയ സെക്ഷൻ സംബന്ധിച്ച നിർദ്ദേശങ്ങളും ഇതിന്റെ ഭാഗമായി പരിശോധിക്കാനാണ് ഉദ്ദേശിക്കുന്നത്. |
| (ബി) | ഇത്തരത്തിൽ വൈദ്യുതി വകുപ്പിന്റെ സേവനങ്ങൾക്ക് ജനങ്ങൾ ബുദ്ധിമുട്ടുന്ന മറ്റൊരു പഞ്ചായത്ത് പ്രദേശം കേരളത്തിൽ ഇല്ലെന്ന കാര്യം സർക്കാർ പ്രത്യേകമായി പരിശോധിക്കുമോ; | (ബി) & (സി) | ഈ പ്രദേശത്തെ ഉപഭോക്താക്കൾക്ക് മെച്ചപ്പെട്ട സേവനം ലഭ്യമാക്കുന്നതിന് കസ്റ്റമർ കെയർ സംവിധാനത്തിലൂടെ നടപടി സ്വീകരിക്കുന്നത് സംബന്ധിച്ച് പരിശോധിക്കും. |
| (സി) | താൽക്കാലികമായിട്ടെങ്കിലും വൈദ്യുതിചാർജ് അടയ്ക്കാനുള്ള ഒരു പ്രത്യേക സംവിധാനം ഇരിമ്പിളിയം പഞ്ചായത്തിൽ ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ? | | |

സെക്ഷൻ ഓഫീസർ